പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5900</u> <u>28/03/2018-ൽ മറുപടിക്ക്</u>

## <u>ക്യാൻസർ രോഗ നിർണ്ണയത്തിനായി നിർബന്ധിത ടെസ്റ്റ്</u>

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി.ജോർജ്ജ്** | | **ശ്രീമതി . കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) |
| എ) | അർബ്ബുദം രോഗം കണ്ടുപിടിക്കപ്പെടുന്നത് ഏറ്റവും അവസാന സ്റ്റേജിലാണെന്ന വസ്തുത മനസ്സിലാക്കി ആരംഭത്തിൽതന്നെയുള്ള രോഗനിർണ്ണയത്തിനായി ചെറിയ കുട്ടികൾ മുതൽ മുതിർന്നവർ വരെയുള്ളവർക്ക് സർക്കാരിന്റെ പ്രത്യേക പദ്ധതി വഴി ആവശ്യമായ നിർബന്ധിത ടെസ്റ്റ് നടത്തുവാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | എ) യും ബി) യും സി) യും | പ്രാരംഭ ഘട്ടത്തിൽ തന്നെ നിർണ്ണയിക്കപ്പെടാവുന്നതും നിർണ്ണയിക്കപ്പെട്ടാൽ മെച്ചപ്പെട്ട ചികിത്സ നൽകാവുന്നതുമായ വദനാർബുദം (ഓറൽ കാൻസർ), സ്തനാർബുദം (ബ്രസ്റ്റ് കാൻസർ) ഗർഭാശയ കാൻസർ (സർവിക്കൽ കാൻസർ) എന്നീ കാൻസറുകൾക്കാണ് ക്യാൻസർ രോഗ നിർണ്ണയ നിയന്ത്രണ പരിപാടിയിലൂടെ ആരോഗ്യ വകുപ്പ് മുൻതൂക്കം നൽകുന്നത്. കാൻസർ നിർണ്ണയത്തിനുള്ള നിർബന്ധ ടെസ്റ്റുകൾക്ക് ആരേയും വിധേയമാക്കാൻ നിലവിലുള്ള നിയമവ്യവസ്ഥ അനുവദിക്കാത്തതിനാൽ അത് നടപ്പിലാക്കാൻ സാധിക്കില്ല. |
| ബി) | ഇതുവഴി അനേകം ആളുകൾ ഈ രോഗത്തിന്റെ പിടിയിൽ നിന്നും രക്ഷപ്പെടുമെന്ന പ്രാധാന്യം മനസ്സിലാക്കി അടിയന്തര നടപടികൾ സ്വീകരിക്കുമോ; | | |
| സി) | ഇതിലേയ്ക്കായി വിവിധ ജനപ്രതിനിധികളെയും ചാരിറ്റി സംഘടനകളെയും കൂടി ഉൾപ്പെടുത്തി രോഗനിർണ്ണയത്തിനായി നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ